# മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്പദ്ധതി

## സോഷ്യൽഓഡിറ്റ്റിപ്പോർട്ട്

**(01-10-2018 മുതൽ31-03-2019 വരെ)**

## വാർഡ് 10

## മടിക്കൈ ഗ്രാമപഞ്ചായത്ത് (ബങ്കളം )

## കാഞ്ഞങ്ങാട് ബ്ലോക്ക്

## കാസറഗോഡ് ജില്ല.


**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്  നിയമം**

**സോഷ്യൽഓഡിറ്റ്സൊസൈറ്റി(MGNSASK)**

**CSI BUILDINGS,  2nd  FLOOR ,LMS COMPOUND ,പാളയം**

**വികാസ്ഭവൻ  (പി.ഒ)തിരുവനന്തപുരം 695033**

**ഫോൺ: 0471-22724696**

**ഇ-മെയിൽkeralasocialaudit@gmail**

**തയ്യാറാക്കിയത് : രേഷ്മ, ജോസ്ന ജോസ്, ആതിര  (വില്ലേജ് റിസോർസ് പെർസൺ കാഞ്ഞങ്ങാട്.)**

**പ്രവീണ. ടീ. എം(BRP in charge kanhangad block)**

# <u>പഞ്ചായത്തിന്റെ പൊതു വിവരങ്ങൾ</u>

| | |
|---|---|
| **വിസ്തീർണം** | **51.8 ച. കി. മീ.** |
| **ജില്ലാപഞ്ചായത്ത്** | **കാസർഗോഡ്** |
| **ബ്ലോക്ക് പഞ്ചായത്ത്** | **കാഞ്ഞങ്ങാട്** |
| **താലൂക്ക്** | **ഹോസ്ദുര്ഗ്** |
| **വില്ലേജുകൾ** | **മടിക്കൈ, അമ്പലത്തുകാര** |

## പഞ്ചയാത്ത് അതിരുകൾ

| | |
|---|---|
| **കിഴക്ക്** | **കോടോം, ബേളൂർ ഗ്രാമ പഞ്ചായത്ത്** |
| **പടിഞ്ഞാറ്** | **കാഞ്ഞങ്ങാട് നഗരസഭ** |
| **തെക്ക്** | **നീലേശ്വരം നഗര സഭ** |
| **വടക്ക്** | **അജാനൂർ പഞ്ചായത്ത്** |

## ജനസംഖ്യ (2011 ,സെൻസെസ് )

| മടിക്കൈ | ആകെ ജനസംഖ്യ | | Scs | | STs | |
|---|---|---|---|---|---|---|
| | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ | പുരുഷൻ | സ്ത്രീ |
| 24121 | 12001 | 12120 | 152 | 155 | 650 | 653 |

**<u>വാർഡ്10(</u>** <u>ബങ്കളം)</u>

കാസർഗോഡ് ജില്ലയിലെ കാഞ്ഞങ്ങാട്ബ്ലോക്കിലെ മടിക്കൈ ഗ്രാമപഞ്ചായത്തിലെ 10 അം വാർഡ് ബങ്കളം )ആണ് സോഷ്യൽ ഓഡിറ്റിങ് നടത്തിയത്.വാർഡ് 10ൽ തൊഴിലുറപ്പ് പദ്ധതിയൽ കഴിഞ്ഞസാമ്പത്തിക വർഷത്തിലെഒക്ടോബർ 1മുതൽ

2019 മാർച്ച് 31വരെയുള്ള കാലയളവിൽ 8പ്രവർത്തികളാണ് നടന്നിട്ടുള്ളത്.ഇതിൽ 8 പ്രവൃത്തികളും പൊതു വിഭാഗത്തിൽപെട്ടവയാണ്.

**തൊഴിലുറപ്പുമായി ബന്ധപെട്ട വാർഡിന്റെ അടിസ്ഥാന വിവരങ്ങൾ താഴെ ചേർക്കുന്നു.**

| **VILLAGE** | **TOTAL(registered)** | | **SCs** | **SCs** | **STs** | **OTHERS** | **TOTAL** | | |
|---|---|---|---|---|---|---|---|---|---|
| | **HOUSEHOLDS** | **PERSONS** | **HOUSEHOLDS** | **PERSONS** | | **HOUSEHOLDS** | **PERSONS** | **MALE** | **FEMALE** |
| ബങ്കളം | 306 | 370 | 2 | 2 | 19 | | 370 | 75 | 295 |
| **Active workers** | 128 | | | | 23 | | | | |

## <u>ആമുഖം</u>

ഇന്ത്യയിലെ ദരിദ്രരായ ഗ്രാമീണ ജനതയുടെ ദാരിദ്ര്യം ലഘൂകരിക്കുന്നതിനും അവരുടെ ജീവിത സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനും വേണ്ടി രൂപം കൊടുത്തിട്ടുള്ള ഒരു ബൃഹത്പദ്ധതിയാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി. കാർഷിക മേഖലയിലും നിർമ്മാണ മേഖലയിലും തൊഴിൽ ലഭിക്കാതെ ഗ്രാമീണ ജനത ബുദ്ധിമുട്ടനുഭവിക്കുമ്പോൾ അവർക്ക് 100ദിവസത്തെ തൊഴിലെങ്കിലും ഉറപ്പു വരുത്തുവാൻ ഈ പദ്ധതി ലക്ഷ്യമിടുന്നു. ഇങ്ങനെ തൊഴിൽ നൽകുന്നതിന് ഏറ്റെടുക്കുന്ന വിവിധ പദ്ധതികളിലൂടെ രാജ്യത്തിന്റെ മണ്ണും ജലവും പരമാവധി സംരക്ഷിക്കുന്നതിന് സാദ്ധ്യമാകും എന്ന് പ്രതീക്ഷിക്കുന്നു.ഇന്ത്യയിലെ ഏറ്റവും പിന്നോക്കമായ 200 ഗ്രാമീണ ജില്ലകളിൽ2006 ഫെബ്രുവരി 2-ാം തീയതി ഈ നിയമം നിലവിൽ വരുകയും പദ്ധതി നടപ്പിലാക്കുകയും ചെയ്തു. കേരളത്തിൽ വയനാടും, പാലക്കാടും ഈ 200ജില്ലകളിൽ ഉൾപ്പെട്ടിരുന്നു. 2007 മെയ് 15 ന് 130 ജില്ലകളിലേക്ക് കൂടി ഇത് വ്യാപിപ്പിച്ചു. ഇടുക്കി, കാസർഗോഡ് ജില്ലകൾ ഇതിൽ ഉൾപ്പെട്ടിരുന്നു.2008 ഏപ്രിൽ 1ന് ഇന്ത്യയിലെ ബാക്കി മുഴുവൻ ജില്ലകളിലേക്കും ഇത് വ്യാപിപ്പിച്ചു. ഇന്ത്യയിലെ മുഴുവൻ ഗ്രാമീണ

ജില്ലകളിലും ഈ പദ്ധതി നിലവിലുണ്ട്.ആഗോളതലത്തിൽ സവിശേഷ ശ്രദ്ധയാകർഷിച്ച ഒരു അവകാശാധിഷ്ഠിത തൊഴിൽ നിയമമെന്ന നിലയിലും ഗ്രാമീണ മേഖലയിൽ ദാരിദ്ര്യ ലഘൂകരണത്തിൽ നിർണ്ണയാകമായ വഴിത്തിരിവ് സൃഷ്ടിച്ച ബൃഹത് പദ്ധതി എന്നകാര്യം പരിഗണിച്ചും 2009ഒക്ടോബർ 2-ാം തീയതി കേന്ദ്ര സർക്കാർ ഈ നിയമത്തെമഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെന്ന് പുനർനാമകരണം ചെയ്തു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് നിശ്ചിത കാലയളവിനുള്ളിൽ കായികമായ തൊഴിൽ ലഭിക്കുന്നുവെന്നും അതിന് നിർണ്ണയിക്കപ്പെട്ടിട്ടുള്ള വേതനം നിർദ്ദിഷ്ട സമയത്തിനുള്ളിൽ ലഭിക്കുന്നുവെന്നും ഉറപ്പു വരുത്തുന്നതിന് ഇന്ത്യൻപാർലമെന്റ് പാസ്സാക്കിയിട്ടുള്ള നിയമമാണ് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണതൊഴിലുറപ്പ് നിയമം. 2005 ആഗസ്റ്റ് 23- തിയ്യതിയാണ് പാർലമെന്റ് ഈ നിയമം പാസ്സാക്കുന്നത്.

തൊഴിലും വേതനവും നിർദ്ദിഷ്ട സമയത്തിനുള്ളിൽ കൃത്യമായി ലഭിക്കുന്നതിനുള്ള അവകാശം നിയമപരമായി ഉറപ്പു വരുത്തുവെന്നതാണ് ഈ നിയമത്തിന്റെ സവിശേഷത. തൊഴിൽ ലഭിച്ചില്ലെങ്കിൽ തൊഴിലില്ലായ്മ വേതനവും തൊഴിലെടുത്തശേഷംവേതനം വൈകുകയോ ലഭിക്കാതിരിക്കുകയോ ചെയ്താൽ നഷ്ടപരിഹാരവും ഈ നിയമം വ്യവസ്ഥ ചെയ്യുന്നു.

തൊഴിൽ ആവശ്യപ്പെടുന്നവർക്ക് 15 ദിവസത്തിനുള്ളിൽ കായികമായി ഏതെങ്കിലും തൊഴിൽ നൽകിയിരിക്കണമെന്നാണ് വ്യവസ്ഥ. അല്ലാത്തപക്ഷം പതിനാറാമത്തെ ദിവസം മുതൽ അവർക്ക് തൊഴിലില്ലായ്മ വേതനത്തിന് അർഹതയുണ്ടായിരിക്കും. അതേപോലെ എടുത്ത തൊഴിലിന്റെ വേതനം 14 ദിവസത്തിലധികം വൈകിയാൽ ഇങ്ങനെ വൈകുന്ന ഒരോ ദിവസത്തിനും നഷ്ട പരിഹാരം ലഭിക്കുന്നതിനും അർഹതയുണ്ട്. തൊഴിലോ തൊഴിലില്ലായ്മവേതനമോ ഉറപ്പായുംഉറപ്പ് വരുത്തുന്നുവെന്നതാണ് തൊഴിലുറപ്പ് നിയമത്തിന്റെ പ്രത്യേകത.

**ഈ പദ്ധതിപ്രകാരം തൊഴിൽ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ**.

- പതിനെട്ട്വയസ്സ് പൂർത്തീകരിച്ചിരിക്കുക.
- കായികാദ്ധ്വാനത്തിന്തയ്യാറാവുക.
- ഗ്രാമപഞ്ചായത്തിൽ സ്ഥിരതാമസക്കാരനായിരിക്കുക.എന്നിവയാണ്.
- എന്നാൽ 2014 ലെ പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം നാടോടികളായ തൊഴിലന്വേഷകർക്കും തൊഴിൽ നല്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് നടപ്പിലാക്കുന്നഎല്ലാപ്രവൃത്തികളും സോഷ്യൽഓഡിറ്റിന് വിധേയമാകണമെന്നു 17(2) ആം വകുപ്പ്നിഷ്കർഷിക്കുന്നു. പദ്ധതി പ്രവർത്തനത്തെപ്പറ്റിയും പൊതുധനംചിലവഴിക്കുന്നതിനെപ്പറ്റിയുംപൗരസമൂഹം നടത്തുന്നപരസ്യവുംസ്വതന്ത്രവുമായപരിശോധനയുമാണ്. സോഷ്യൽ ഓഡിറ്റ് അഥവാ സാമൂഹികകണക്ക് പരിശോധനതൊഴിലുറപ്പ്നിയമപ്രകാരം വർഷത്തിൽ രണ്ട്പ്രാവശ്യം സോഷ്യൽ ഓഡിറ്റ്ഗ്രാമസഭകൾ എല്ലാ വാർഡിലും കൃത്യമായി നടത്തേതാണ്. സോഷ്യൽ ഓഡിറ്റിലൂടെ അഴിമതി ഇല്ലാതാക്കുന്നതിനും സുതാര്യത ഉറപ്പുവരുത്തുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സദ്ഭരണം ഉറപ്പാക്കുന്നതിനും കഴിയുന്നു.പദ്ധതി പണംശരീയായ രീതിയിൽ ചിലവഴിച്ചിട്ടുണ്ടോ എന്നും ഈപണം ചിലവഴിച്ചതുകൊണ്ട് പദ്ധതിയുടെ ലക്ഷ്യംകൈവരിച്ചിട്ടുട്ടോ എന്നും അതിലൂടെ പദ്ധതിയുടെ ഗുണഭോക്താക്കളുടെ ജീവിതത്തിൽ ഗുണകരമായും അതുമൂലം കാര്യമായും മാറ്റം ഉണ്ടായിട്ടുണ്ടോ എന്നും സോഷ്യൽഓഡിറ്റ്പ്രകിയക്ക് ക ണ്ടെത്താൻകഴിയുന്നു.

കാസർഗോട് ജില്ലയിലെ ഹോസ്ദുർഗ് താലൂക്കിൽ കാഞ്ഞങ്ങാട് ബ്ലോക്കിലെ മടിക്കയി ഗ്രാമ പഞ്ചായത്തിൽപ്പെട്ട 10ആം വാർഡ് (ബങ്കളം) എന്ന വാർഡാണ് ഓഡിറ്റിന് വിധേയമാക്കുന്നത്.

## രീതിശാസ്ത്രം

•പ്രവൃത്തിഫയലുകൾ, രജിസ്റ്ററുകൾ,പ്രവൃത്തിസ്ഥലങ്ങൾ ,എം ഐ എസ് എന്നിവ പരിശോധിച്ചു.

• റിപ്പോർട്ട് തയ്യാറാക്കുന്ന പ്രവർത്തനങ്ങൾ .

•തൊഴിലാളികളുമായി സംവദിച്ചു. തൊഴില്കാർഡ് ,പാസ്ബുക്ക് എന്നിവ പരിശോധിച്ചു.

•റിപ്പോർട്ട് ,എം ഐ എസ് ഫോർമാറ്റ് എന്നിവ തയ്യാറാക്കി.

## <u>അവകാശങ്ങൾ/ അവകാശനിഷേധങ്ങൾ.</u>

**1തൊഴിൽ കാർഡ് ലഭിക്കാനുള്ള അവകാശം**

തൊഴിൽകാർഡ് ആവശ്യപെട്ട എല്ലാ തൊഴിലാളികൾക്കും സൗജന്യമായി തൊഴിൽകാർഡ് ലഭ്യമാക്കണമെന്നത് തൊഴിലാളികളുടെ അവകാശമാണ് മുൻകാലങ്ങളിൽ പഞ്ചായത്തിൽ നിന്നുതന്നെ ഫോട്ടോ എടുത്തിരുന്നെങ്കിലും ഇപ്പോൾ ഫോട്ടോ ഇനത്തിൽ എല്ലാ തൊഴിലാളികൾക്കും പണം ചിലവായിട്ടുള്ളതായി കാണപ്പെടുന്നു .

**2,അപേക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശവും ആയതിന്റെ കൈപറ്റ് രസീത് ലഭിക്കുന്നതിനുള്ള അവകാശം**.

തൊഴിലിനപെക്ഷിച്ചു 15 ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം തൊഴിലാളികൾക്ക് പറയപ്പെടുന്നുണ്ടെങ്കിലുംകൂട്ടയിട്ടാണ് അപേക്ഷ നൽകിയതായി കാണപ്പെടുന്നത്. ഒറ്റയ്ക്കും അപേക്ഷിക്കാമെന്ന് അവർക്ക് അറിയില്ലായിരുന്നു.

**3, തൊഴിൽ, അല്ലെങ്കിൽ തോഴിലില്ലായ്മ വേതനം ലഭിക്കാനുള്ള അവകാശം.(ആദ്യത്തെ30 ദിവസം ¼ ,പിന്നീടുള്ള ദിവസങ്ങളിൽ ½ ഭാഗം .)**

തൊഴിലില്ലായിമ വേതനത്തിനു അർഹത ഉണ്ടന്നു തൊഴിലല്ലായ്മൾക്കു അറിയില്ലായിരുന്നു.തൊഴിലിനുള്ള അപേക്ഷ നൽകിയതിനു ശേഷം തൊഴിൽ നൽകാതിരുന്ന ഒരു സാഹചര്യം നിലവിലുള്ള ഫയൽ പരിശോധനയിൽ കണ്ടെത്താൻ സാധിച്ചിട്ടില്ല ,അതുകൊണ്ട് തൊഴിളലില്ലായമ വേതനം നൽകേണ്ടതായി വന്നിട്ടില്ല .

**4,പദ്ധതി(ഷെൽഫ് ഓഫ് പ്രൊജക്റ്റ്തയ്യാറാക്കാനുള്ള അവകാശം**

ഷെൽഫ്ഓഫ്പ്രൊജെക്ടിനെക്കുറിച്ച് തൊഴിലാളികൾക്ക് അറിവുണ്ടായിരുന്നു.അയൽക്കൂട്ടങ്ങളിലാണ്അവർപദ്ധതിതയ്യാറാക്കുന്നത്. എന്നാൽഗ്രാമസഭഅതിനുള്ളഅനുമതിനൽകാറില്ല. പല പ്രവൃത്തികളും ഭൂപ്രകൃതിഅനുസരിച്ചുംകാലാവസ്ഥക്കും യോജിച്ച രീതിയിലും സമയത്തും അല്ല ചെയ്തിരിക്കുന്നത്.

**5,5കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭിക്കുവാനുള്ള അവകാശം (,അല്ലെങ്കിൽവേതനത്തിന്റെ10%അധികം.)**

പരിശോധനക്ക് വിധേയമാക്കിയ 15 പ്രവർത്തികളിലും തൊഴിലാളികൾക്ക് 5 കിലോമീറ്ററിനുള്ളിൽ തൊഴിൽ ലഭ്യമായിട്ടുണ്ട്.

**6,കുടിവെള്ളം,വിശ്രമസൗകര്യം,പ്രദമശുശ്രൂഷാസൗകര്യം,ഇവ ലഭിക്കുന്നതിനുള്ള അവകാശം.**

തൊഴിലാളികളുടെ പ്രധാനപ്പെട്ട അവകാശങ്ങളിൽ ഒന്നായ ജോലിസ്ഥലത് കുടിവെള്ളം വിശ്രമസൗകര്യം, എന്നിവ ലഭ്യമാക്കണമെന്നുന്ടെന്കിലും

പ്രവൃതിയിടങ്ങളിൽ മേൽപ്പറഞ്ഞ തൊന്നും ഇപ്പോൾ ലഭ്യമല്ല എന്ന് കണ്ടെത്തുവാൻ സാധിച്ചു . ജോലിചെയ്യുന്ന തൊഴിലാളികൾക്ക് കയ്യുറ യോ ,കാലുറയോ ലഭ്യമായിട്ടില്ല എന്ന് മനസിലാക്കാൻ സാധിച്ചു.

ആദ്യമൊക്കെഇവഅവർക്ക്ലഭിച്ചിരുന്നു.പിന്നീട്അവർസ്വന്തംചെലവിൽവാങ്ങുകയും അതിനുഫണ്ടുംഅനുവദിച്ചുനൽകാറില്ലഎന്ന് മനസിലായി.

**7,15 ദിവസതിനുള്ളിൽ വേതനം ലഭിക്കുന്നതിനുള്ള അവകാശം**.

15 ദിവസത്തിനുള്ളിൽ വേതനം ലഭിക്കാനുള്ള അവകാശം ഓരോതൊഴിലാളികൾക്കുംഉണ്ട്. എന്നാൽതൊഴിൽകഴിഞ്ഞ്തണ്ടോ മൂന്നോമാസങ്ങൾക്കുശേഷമാണ്വേതനംലഭിക്കുന്നത്.

**8,വേതനവിതരണത്തിലെ കാലതാമസത്തിനു നഷ്ടപരിഹാരം ലഭിക്കുവാനുള്ള അവകാശം.**

കൂലി ലഭിക്കാൻ വൈകുന്നതിനു നഷ്ട പരിഹാരത്തിനു അർഹത ഉണ്ടെന്ന്തൊഴിലാളികൾക്ക്അറിയിലായിരുന്നു.അതിനാൽതന്നെഇതുവരെ ഒരു തൊഴിലാളിയും നഷ്ടപരിഹാരം ലഭിക്കുന്നതിനായി അപേക്ഷ നൽകിയതായി അറിയാൻ സാധിച്ചില്ല .

**9,സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം.**

സമയബന്ധിതമായി ഉള്ള പരിഹാരത്തിനുള്ള അവകാശം നിലനിൽക്കുന്നുവെങ്കിലും ഈ ഓഡിറ്റ് കാലയളവിൽ ഒരു തൊഴിലാളിയും പരാതി നൽകിയതായി രേഖകളിൽ കാണുന്നില്ല.

**10,സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള അവകാശം .**

വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റ് നടക്കാറുണ്ട്**.**

**<u>നിരീക്ഷണ പ്രശ്നപരിഹാര സംവിധാനം.</u>**

തൊഴിലുറപ്പ് നിയമത്തിലെ 10അവകാശങ്ങളിൽ ഒന്നായ സമയബന്ധിതമായുള്ള പരാതി പരിഹാരത്തിനുള്ള അവകാശം നിലനിൽക്കുന്നുവെങ്കിലും, പലവിധത്തിലുള്ള പരാതികള്ണ്ടായിട്ടും തൊഴിലാളികൾക്ക് അവകാശങ്ങളെക്കുറിച് അവബോധം ഇല്ലാത്തതുകൊണ്ട് ഓഡിറ്റ് കാലയളവിൽ ഒരു പരാതിയും പഞ്ചായത്തിൽ സമർപ്പിച്ചിട്ടില്ല .

**<u>സോഷ്യല് ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തികള്</u>**

| Work Code | Work Name(As per Muster Roll) | Category | Start Date | Last Date | Total mandays | Total Amount | Status |
|---|---|---|---|---|---|---|---|
| 1601001002 WC/324953 | മാൻതോട് മുതൽ കുരിടിൽ വരെ ജൈവവേലി കെട്ടൽ | Category A | 03/10/2018 | 21/11/2018 | 382 | 18245.33 | Completed |
| 1601001002 WC/299528 | മാൻതോട് ചരണത്തല മുതൽ കുരടിൽ വരെ തേങ്ങനും കവുങ്ങ് നും കുഴിഎടുക്കൽ | Category A | 18/09/2018 | 14/10/2018 | 189 | 254180.04 | Completed |

| | | | | | | | |
|---|---|---|---|---|---|---|---|
| 1601001002 WC/299496 | മാൻതോട് മുതൽ കുരടിൽ വരെ മൾച്ചിങ് പിറ്റ് ചകിരിക്കുഴി അസോളപിറ്റ് നിർമാണം | Category .A | 14/12/ 2018 | 20/12/2018 | 650 | 177623 .59 | Complete d |
| 1601001002 WC/299519 | മാൻതോട് മുതൽ കുരടിൽ വരെ മഴകുഴി | Category A | 14/08/ 2018 | 17/10/2018 | 596 | 163937 .35 | Complete d |
| 1601001002 WC/313705 | കുട്ടപ്പുന മുതൽ തെക്കൻ ബങ്കളം വരെ തട്ട് തിരിക്കൽ | Category A | 12/07/ 2018 | 01/10/2018 | 458 | 168191 .06 | Complete d |
| 1601001002 WC/328595 | കുട്ടപ്പുന ഭൂവികസനം | Category A | 10/01/ 2019 | 27/02/2019 | 547 | 150559 .35 | Completed |
| 1601001002 LD/328594 | മാൻതോട് ഭൂവികസനം | Category A | 10/01/ 2019 | 30/03/2019 | 616 | 251267 | Completed |
| 1601001002 LD/328404 | തെക്കൻ ബങ്കളം ഭൂവികസനം | Category A | 03/01/ 2019 | 13/03/2019 | 799 | 217231 .65 | Completed |
| 1601001002 WC/324953 | മാൻതോട് മുതൽ കുരിടിൽ വരെ ജൈവവേലി | Category B | 30/10/ 18 | 21/11/2018 | 312 | 102637. 34 | Complete d |

| | | | | | | | |
|---|---|---|---|---|---|---|---|
| | കെട്ടൽ | | | | | | |

## 1. മാൻതോട് മുതൽ കുരിടിൽ വരെ ജൈവവേലി കെട്ടൽ

പ്രസ്തുത പ്രവൃത്തിയിൽ2 കാറ്റേക്കറിയിൽ (A, B) 17 മ്സ്ട്രോളുകളിലായി694തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.അടങ്കൽ തുകയായി199221രൂപ അനുവദിച്ച ഈ പ്രവൃത്തിയില് 120882.67 രൂപ ചിലവഴിച്ചിട്ടുണ്ട്.

***ഈ പ്രവൃത്തിയുടെ M book പ്രകാരം 996.23cum ഏരിയയിൽ* ജൈവവേലി കെട്ടുന്നതിനായി *120882.67 രൂപ ചെലവായതായിരേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ 845.45 cum ഏരിയയിൽ 96245രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. ആകെ വ്യത്യാസം = 24637.67***

## 2. .മാൻതോട് ചരണത്തല മുതൽ കുരടിൽ വരെ തേങ്ങനും കവുങ്ങ് നും കുഴിഎടുക്കൽ

പ്രസ്തുത പ്രവൃത്തിയിൽ 22 മ്സ്റെർ രോളുകളിലായി 189 തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്. 275585 രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ 254180.04 രൂപ ചിലവഴിച്ചിട്ടുണ്ട്.

***ഈ പ്രവൃത്തിയുടെ M book പ്രകാരം 1598.82cum* തേങ്ങനും കവുങ്ങ് നും കുഴിഎടു*ക്കുന്നതിനായി 254180.04 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 1326.04 ഏരിയയിൽ 211245രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്.***

***ആകെവ്യത്യാസം=42935.04***

## 3. മാൻതോട് മുതൽ കുരടിൽ വരെ മൾച്ചിങ് പിറ്റ് ചകിരിക്കുഴി അസോളപിറ്റ് നിർമാണം

പ്രസ്തുത പ്രവൃത്തിയിൽ 16 മ്സ്റെർ രോളുകളിലായി 650 തൊഴിൽ ദിനങ്ങൾ

സൃഷ്ട്ടിച്ചിട്ടുണ്ട്.446000രൂപ അനുവദിച്ച ഈ പ്രവൃത്തിയില് 177623.59രൂപ ചിലവഴിച്ചിട്ടുണ്ട് .

***ഈ പ്രവൃത്തിയുടെ M book പ്രകാരം 937cum ഏരിയയിൽ മൾച്ചിങ് പിറ്റ് /ചകിരി പിറ്റ് /അസോള പിറ്റ് നിർമ്മിക്കാൻ 177623.59 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 832cum ഏരിയയിൽ 156233രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. .ആകെവ്യത്യാസം=21390.59***

## 4. മാൻതോട് മുതൽ

## കുരടിൽ വരെ മഴകുഴി

പ്രസ്തുത പ്രവൃത്തിയിൽ 19മ്സ്റെർ രോളുകളിലായി 596തൊഴിൽ ദിനങ്ങൾ സൃഷ്ട്ടിച്ചിട്ടുണ്ട്.171909രൂപ അനുവദിച്ച ഈ പ്രവൃത്തിയിൽ163937.35രൂപ ചിലവഴിച്ചിട്ടുണ്ട് .

***ഈ പ്രവൃത്തിയുടെ M book പ്രകാരം 966.6sqm ഏരിയയിൽ** മഴകുഴി **നിർമ്മിക്കാൻ 163937.35 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 834.2sqm ഏരിയയിൽ 149272 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. ആകെവ്യത്യാസം=14665.35***

## 5. കുട്ടപ്പുന മുതൽ തെക്കൻ ബങ്കളം വരെ തട്ട് തിരിക്കൽ

പ്രസ്തുതപ്രവൃത്തിയിൽ15മ്സ്റെർരോളുകളിലായി458തൊഴിൽദിനങ്ങൾസൃഷ്ട്ടിച്ചിട്ടുണ്ട്.199883രൂപഅനുവദിച്ചഈപ്രവൃത്തിയിൽ168191.06രൂപചിലവഴിച്ചിട്ടുണ്ട്.

**ഈ പ്രവൃത്തിയുടെ M book പ്രകാരം 1109.90cum ഏരിയയിൽ തട്ട് തിരിക്കലിനായി 168191.06 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ**

**പ്രവൃത്തിക്കായി 989cum ഏരിയയിൽ 151924 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. *ആകെവ്യത്യാസം=16267.06***

## 6. കുട്ടപ്പുന ഭൂവികസനം

പ്രസ്തുതപ്രവൃത്തിയിൽ9മ്സ്റെർരോളുകളിലായി547തൊഴിൽദിനങ്ങൾസൃഷ്ട്ടിച്ചിട്ടുണ്ട്.299058രൂപഅനുവദിച്ചഈപ്രവൃത്തിയിൽ150559.35രൂപചിലവഴിച്ചിട്ടുണ്ട്.

**ഈ പ്രവൃത്തിയുടെ M book പ്രകാരം 559.07cum ഏരിയയിൽ**

**ഭൂവികസനത്തിനായി 150559.35 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായ 423cum ഏരിയയിൽ 120836 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. *ആകെവ്യത്യാസം=29723.35***

## 7.മാൻതോട് ഭൂവികസനം

പ്രസ്തുതപ്രവൃത്തിയിൽ12മ്സ്റെർരോളുകളിലായി616തൊഴിൽദിനങ്ങൾസൃഷ്ട്ടിച്ചിട്ടുണ്ട്.299058രൂപഅനുവദിച്ചഈപ്രവൃത്തിയില്169741.91രൂപചിലവഴിച്ചിട്ടുണ്ട്

**ഈ പ്രവൃത്തിയുടെ M book പ്രകാരം 645.26cum ഏരിയയിൽ**

**ഭൂവികസനത്തിനായി 169741.91 രൂപ ചെലവായതായി രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 412cum ഏരിയയിൽ 128415 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. *ആകെവ്യത്യാസം=41326.91***

## 8.തെക്കൻബങ്കളം ഭൂവികസനം

പ്രസ്തുതപ്രവൃത്തിയിൽ14മ്സ്റെർരോളുകളിലായി799തൊഴിൽദിനങ്ങൾസൃഷ്ട്ടിച്ചിട്ടുണ്ട്.298478രൂപഅനുവദിച്ചഈപ്രവൃത്തിയിൽ217231.65രൂപചിലവഴിച്ചിട്ടുണ്ട്

**ഈ പ്രവൃത്തിയുടെ M book പ്രകാരം 1317.62cum ഏരിയയിൽ**

ഭൂവികസനത്തി**നായി 217231.65 രൂപ ചെലവായതായി**

**രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ ഫീൽഡ് പരിശോധനയിൽ ഈ പ്രവൃത്തിക്കായി 1134cum ഏരിയയിൽ 188386 രൂപയുടെ പ്രവൃത്തിയാണ് കാണാൻ സാധിച്ചത്. *ആകെവ്യത്യാസം=28845.65***

**പ്രധാനകണ്ടെത്തലുകൾ**:

- ചെയ്തപ്രവൃത്തികൾഗുണഭോക്താക്കൾപരിപാലിക്കുന്നുണ്ടെന്ന് പൂർണമായും നമുക്ക് പറയാൻ കഴിയില്ല. കാരണം പ്രവർത്തി ചെയ്ത ഇടങ്ങളിൽ പകുതിയിലും അധികം കാടു കേറി നശിച്ച നിലയലാണ് കാണാൻ സാധിച്ചത്.
- കാടു കയറിയതിനാലും മണ്ണ് ഇടിഞ്ഞതിനാലും പ്രവർത്തികൾ അളന്നു തിട്ടപ്പെടുത്താൻ പറ്റിയിട്ടില്ല.
- മിക്ക പ്രവർത്തികളും തൊഴിലുടമയുടെ ആവശ്യപ്രകാരമല്ല നടക്കുന്നതെന്ന് മനസ്സിലായി. . ഓരോ ഗുണഭോക്താവിന്റെ പറമ്പിലും എന്ത് പ്രവർത്തി എത്ര അളവിൽ ചെയ്തു എന്ന് മനസിലാക്കാൻ സാധിച്ചില്ല.പ്രവർത്തി സ്ഥലത്ത് എത്തുന്നതിനു മുമ്പേ പ്രവർത്തിയെ പറ്റി ഒരു ആസൂത്രണവും ഇല്ല എന്നാണു മനസ്സിലായത്.
- കാലാവസഥയ്ക്ക് അനുയോജ്യമായോഭൂപ്രകൃതി അനുസരിച്ചോ തൊഴിലാളികൾ ആവശ്യപ്പെടുന്ന സമയത്തോ അല്ല പ്രവൃത്തികൾ നടത്തപ്പെടുന്നത് .
- ഭൂവുടമകൾ അവരുടെ പറമ്പിൽ തൊഴിൽ ചെയ്യാറില്ല.
- വേതനം കിട്ടാൻ താമസിക്കുന്നതുകൊണ്ട് തൊഴിലാളികൾ മറ്റു ജോലികളിലേക്ക് പോകുന്നതായി മനസിലാക്കുവാൻ സാധിച്ചു.
- തൊഴിലാളികൾക്ക് കയ്യുറ, കാലുറ, കുടിവെള്ള സൗകര്യം, തണൽ സൗകര്യം തുടങ്ങിയവ ലഭിക്കുന്നില്ല എന്ന് മനസിലാക്കാൻ സാധിച്ചു.
- തൊഴിലാളി കാർഡ് ലഭിക്കുന്നതിന് വേണ്ടി ഫോട്ടോ ഇനത്തിൽ പൈസ ചെലവായി.
- അപേക്ഷിച്ചു 15ദിവസത്തിനുള്ളിൽ തൊഴിൽ ലഭിക്കുന്നില്ല. തൊഴിലില്ലായ്മ വേതനം ഇതുവരെ ഒരു തൊഴിലാളിക്കു പോലും ലഭിച്ചിട്ടില്ല.
- . തൊഴിൽ ചെയ്ത സ്ഥലങ്ങളിൽ എല്ലായിടത്തും CIB വെക്കാറില്ല
- 62 പണിയുടെ വേതനം ഇതുവരെ ലഭിച്ചിട്ടില്ല. കൂലി വൈകിയാൽ തന്നെ നഷ്ടപരിഹാരം തൊഴിലാളികൾക്ക് ലഭിക്കുന്നില്ല.

- ചില ഭൂവുടമകൾ അവരുടെ പറമ്പിൽ പണി എടുക്കാൻ തയ്യാറാകുന്നില്ല. മറ്റുള്ള വാർഡിൽ പണി എടുക്കാൻ പാടില്ല എന്ന തെറ്റായ ധാരണ അവർക്കിടയിൽ ഉണ്ട്.
- മെറ്റീരിയൽസിനു വേണ്ടി ചെലവാക്കിയ തുക ഇതുവരെ ലഭിച്ചിട്ടില്ല.
- ഈ വാർഡിലെ തൊഴിലാളികൾ ഒന്നിൽ കൂടുതൽ സൈറ്റിൽ പണിയെടുക്കുന്നുണ്ട്. അങ്ങനെയുള്ള സാഹചര്യങ്ങളിൽ രണ്ടോ മൂന്നോ മസ്ട്രോളുകൾ മാത്രം ലഭിക്കുന്നത് മേറ്റുമാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നു.
- ചിലരുടെ പേര് മസ്ട്രോളിൽ വരുന്നില്ല. പകരം വേറെ ആളുടെ പേരാണ് വരുന്നത്.
- 100 തൊഴിലാളി ദിനമായിട്ട് ബോണസ് ലഭിച്ചില്ല.
- റേഷൻ കാർഡിൽ പേരില്ലാത്തതുകൊണ്ടതൊഴിൽ കാർഡ് ലഭിച്ചിട്ടില്ല.
- തൊഴിലാളികൾക്ക് ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ട് ഉണ്ടെങ്കിൽ സ്ഥിരമായി ഒരു ബാങ്കിൽ നിന്നും തന്നെ വേതനം ലഭിക്കുന്നില്ല. പല അക്കൗണ്ടുകളിലായിട്ടാണ് വേതനം ലഭിക്കുന്നത്.

***പ്രവൃത്തിയുടെ മെഷർമെന്റ്ബുക്ക് പ്രകാരം 8 പ്രവൃത്തികൾക്ക് വേണ്ടി 8130.5ഏരിയയിൽ സൈറ്റ് ക്ലിയറൻസ് ഉൾപ്പെടെ 1592347.62രൂപചെലവഴിച്ചതായി കണ്ടെത്തി. എന്നാൽ ഫീൽഡ് പരിശോധന പ്രകാരം കണ്ടെത്താൻ കഴിഞ്ഞത് 6795.69cum ഏരിയയിൽ 1202556 രൂപയുടെ പ്രവൃത്തിയാണ്.***

**<u>സിറ്റിസൺഇൻഫർമേഷൻബോർഡ്</u>**

പരിശോധിച്ച 8പ്രവർത്തികളിലും സിറ്റിസൺ ഇൻഫർമേഷൻ ബോർഡ് കാണാൻ സാധിച്ചില്ല .എന്നാൽ എം ബുക്കിൽ ഇത് രേഖപ്പെടുത്തിയിട്ടില്ല .എസ്റ്റിമേറ്റിൽഓരോ പ്രവൃത്തിയുടെ CIB ബോർഡിന്റെ തുക രേഖപ്പെടുത്തിയിട്ടുണ്ട്.

**<u>വി.എം.സി.</u>**

സോഷ്യൽ ഓഡിറ്റിന് വിധേയമാക്കിയ പ്രവൃത്തി ഫയലുകളിലെ സൈറ്റ് ഡയറികളിൽ വി,എം.സി.മെമ്പർമാരുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ കാര്യക്ഷമമായ പ്രവത്തനം ഇനിയും ഉണ്ടാകേണ്ടതുണ്ട് .

**പഞ്ചായത്തിൽ സൂക്ഷിക്കേണ്ട രാജിസറ്ററുകളും അവയിലെ കണ്ടെത്തലുകളും** .

**1.തൊഴിൽ കാർഡ് രെജിസ്ററർ**

**ഓരോ വാർഡിനും പ്രത്യേകം തൊഴിലാളി കാർഡ് രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കാറുണ്ട് .കാർഡിന് അപേക്ഷിച്ച അപേക്ഷയുടെ കോപ്പി റെജിസ്റ്ററിൽ സൂക്ഷിച്ചിട്ടുണ്ട്. 411 ആളുകൾ തൊഴിൽ കാർഡിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഉദ്യോഗസ്ഥന്റെ തിയ്യതിയോടു കൂടിയ ഒപ്പ് കാണാൻ കഴിഞ്ഞില്ല. തൊഴിൽ കാർഡ് നമ്പർ 54,56,92,106,131,174,179,214, ക്യാൻസൽ ചെയ്തതായി കാണാൻ സാധിച്ചു.**

**ഫോട്ടോ പഠിപ്പിക്കാത്ത തൊഴികാർഡ് നമ്പർ:244, 248, 257, 259, 262,**

**അക്കൗണ്ട് നമ്പർ ഇല്ലാത്ത തൊഴികാർഡ്**

**നമ്പർ:281, 283, 284, 285, 286, 287, 288, 289**

**2.ഗ്രാമസഭ രജിസ്റ്റർ.**

തൊഴിലുരപ്പുഗ്രമാസഭ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട് .10/12/2010 മുതൽ8/12/2018 കാലയളവു വരെയുള്ള ലേബർ ബജറ്റ് ,വ്യക്തിഗത അസ്ഥികളുടെ നിർമ്മാണ പദ്ധതികളുടെ വിവരങ്ങൾ ,എന്നിവ കൃത്യമായി രേഖപ്പുടുതിയിട്ടുണ്ട്. കൂടാതെ ചില പേജിൽ ഗ്രാമ സഭ നോട്ടീസും പതിപ്പിച്ചിട്ടുണ്ട്.

**3.തൊഴിൽആവശ്യപ്പെട്ടതും തൊഴിൽനൽകിയതുമായിട്ടുള്ളരജിസ്റ്റർ.**

ഡിമാന്ഡ് ആന്ഡ് ആലോകേഷ്ൻ രെജിസ്ററെർ പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്. രണ്ടിന്റെയും എം ഐ എസ് കോപ്പിയാണ് രജിസ്റെറിലുള്ളത്.തൊഴിലാളികൾ തൊഴിലാവശ്യപ്പെട്ടുകൊണ്ട് നൽകിയ അപേക്ഷകൾ വർക്ക് ഫയലുകളിൽ കാണാൻ സാധിച്ചില്ല. ഡിമാൻഡ് ആൻഡ് അലോക്കേഷൻ രജിസ്റ്ററിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ തിയ്യതിയോടു കൂടിയ ഒപ്പ് കാണാൻ സാധിച്ചില്ല .

**4.വര്ക്ക് രജിസ്റ്റര്**

ഓരോ വാർഡിനും പ്രത്യേകം വർക്ക് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. 320 പ്രവൃത്തികളാണ് ഈ കാലയളവിൽ നടന്നിട്ടുള്ളത്. ഇതിന്റെ എംഐഎസകോപ്പിസൂക്ഷിച്ചിട്ടുണ്ട്.വർക്ക് രജിസ്റ്ററിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ തിയ്യതിയോടു കൂടിയ ഒപ്പ് കാണാൻ സാധിച്ചില്ല.

**5.ആസ്തിരജിസ്ററർ**

ആസ്തി രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ തിയ്യതിയോട് കൂടിയ ഒപ്പ് കാണാൻ സാധിച്ചു.

**6.മെറ്റീരിയൽ രജിസ്റ്റർ**

മെറ്റീരിയൽ രജിസ്റ്റർ പഞ്ചായത്തിൽ സൂക്ഷിചിട്ട്ടുണ്ട് .ഓരോ മെറ്റീരിയൽ

ഉപയോഗിച്ചുള്ള പ്രവൃത്തികളിലും എതൊക്കെ മെറ്റീരിയൽ എത്ര അളവിൽ ,അതിനു ചെലവായ തുക തുടങ്ങിയ കാര്യങ്ങളൊക്കെ രേഖപ്പെടുത്തിയിട്ടുണ്ട് .ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ തിയ്യതിയോട് കൂടിയ ഒപ്പ് കാണാൻ സാധിച്ചു.

**7. പരാതി രജിസ്റ്റർ**

പരാതിരജിസ്റ്റര് പഞ്ചായത്തിൽ സൂക്ഷിക്കുന്നുണ്ട്.തൊഴിലാളികൾക്ക് പരാതികൾ ഉണ്ടെകിലും 2018-19കാലയളവിൽ പരാതി രേഖപ്പെടുത്തിയതായി കാണുന്നില്ല. 2011ൽ 4ഉം 2011-12 കാലയളവിൽ 1ഉം 2016-17കാലയളവിൽ 2ഉം പരാതികൾ മാത്രമാണ് പരാതി രജിസ്റ്ററിൽ രേഖപ്പെടുത്തിയത്. പരാതികളൊക്കെ നടപടി സ്വികരിച്ചു തീർപ്പാക്കിയതായി മനസിലാക്കാൻ സാധിച്ചു.

**<u>കേന്ദ്രസർക്കാർ നിർദ്ദേശപ്രകാരം ഒരു വ്ര്‍ക്കുഫയലിൽ താഴെപറയുന്ന 22 രേഖകൾ നിർബന്ധമായും ഉണ്ടാകേണ്ടതാണ് . ഫയലുകളുടെ വിവരങ്ങളും കണ്ടെത്തലുകളും :</u>**

**1.കവർപേജ്.**

പ്രവൃത്തി ഫയലുകളിൽ കവർ പേജ് ഉണ്ടായിരുന്നു. എ എം സി പ്രകാരമുള്ള മുഴുവന് കാര്യങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നില്ല . ജിയോടാഗ് ഐഡി , അസറ്റ് ഐഡി ജി പി സ് ലൊക്കേഷൻ, മേറ്റിന്റെ പേര് എഴുതാനുള്ള കോളം, സോഷ്യൽ ഓഡിറ്റ്നടത്തിയോ എന്ന വിവരം, സാങ്കേതിക വിദഗ്ദ്ധന്റെ പേര് എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

**2.ചെക്ക്ലിസ്റ്റ്.**

.പ്രവൃത്തിഫയലിൽക്രമപ്രകാരംഏതൊക്കെരേഖകൾഎവിടെഏതുപേജുകളിൽസൂക്ഷിച്ചിരിക്കുന്നുഎന്ന്മനസ്സിലാക്കുവാനുള്ളആധികാരികരേഖയാന്നുചെക്ക്ലിസറ്റു.പരിശോധിച്ച8പ്രവൃത്തിഫയലുകളിലുചെക്ക്ലിസ്റ്റിൽഉണ്ടായിരുന്നു.ഇതിൽഓരോരേഖയുടെപേജ്നമ്പർഎഴുതിയിട്ടില്ല

**3. ആക്ഷൻപ്ലാൻ/ഷെൽഫ് ഓഫ്പ്രൊജക്റ്റ് എന്നിവയുടെ അംഗീകരിച്ച കോപ്പി.**

ആക്ഷൻപ്ലാൻ/ഷെൽഫ് ഓഫ്പ്രൊജക്റ്റ് എന്നിവയുടെ അംഗീകരിച്ച കോപ്പി.
പ്രസ്തുത പ്രവർത്തി പഞ്ചായത്തിലെ നടപ്പ് വർഷത്തിലെ ആനുവൽ ആക്ഷൻപ്ലാനിൽ

ഉൾപ്പെട്ടതാണ് എന്നു തെളിയിക്കുവാനുള്ള രേഖയാണ് ആക്ഷൻപ്ലാന്കോപ്പി. പരിശോധിച്ച ഫയലുകളിൽ ആക്ഷൻപ്ലാൻ പകര്പ്പ് കാണുവാൻ കഴിഞ്ഞു.

**4. ഭരണാനുമതി**

സീൽ, തീയതി, ഒപ്പ് എന്നിവ ഓരോരോ ഫയലിൽ കാണാൻ സാധിച്ചു. മറ്റു ചിലതിൽ കാണാൻ സാധിച്ചില്ല.

**5.സാങ്കേതിക എസ്റ്റിമേറ്റും ഡിസൈനും അടങ്ങുന്ന സാങ്കേതിക അനുമതിയുടെ കോപ്പി.**

ഒരു പ്രവൃത്തി എങ്ങിനെ എത്ര അളവിൽ ചെയ്യണമെന്ന് സാങ്കേതികമായി പ്രതിപാദിക്കുന്ന ആധികാരിക രേഖയാണ് എസ്റ്റിമേറ്റ് എസ്റ്റിമേറ്റ്ഡിസൈൻ. സാങ്കേതികാനുമതി ഫോറം കാണാൻ സാധിച്ചില്ല.

**6. സങ്കേതികാനുമതികോപ്പി.**

ഒരു പ്രവൃത്തിക്ക് സാങ്കേതിക വിദഗ്ദ്ധരുടെ അനുമതി ലഭിച്ചിട്ടുണ്ട് എന്നതിനുള്ള ആധികാരികരേഖയാന്ന് സാങ്കേതികാനുമതി രേഖ. പരിശോധിച്ച ചില പ്രവർത്തികളിൽ സാങ്കേതികാനുമതി രേഖ കാണുവാൻ സാധിച്ചില്ല

**7. സംയോജിത പദ്ധതി വിശദാംശങ്ങൾ.**

സംയോജിതപദ്ധതി ആയിരുന്നില്ല.

**8. തൊഴിലിനുള്ള അപേക്ഷ.**

തൊഴിലാളികൾ തൊഴിൽ ആവശ്യപ്പട്ട്നൽകുന്ന അപേക്ഷയാണ് ഡിമാൻഡ്ഫോറം. തൊഴിൽ ആവശ്യപ്പെട്ട് 15 ദിവസത്തിനുള്ളില് ജോലി നൽകിയോ എന്നറിയുവാൻ സഹായിക്കുന്ന രേഖ കൂടി ആണു ഡിമാന്ഡ്ഫോം ഉണ്ടാരുന്നു .

**9. തൊഴിൽഅനുവദിച്ചതിന്റെപകര്പ്പ്.**

പ്രവൃത്തി അനുവദിച്ചു കൊണ്ട് നിർവഹണ ഉദ്യോഗസ്ഥർ നൽകുന്ന അനുമതിയാണ അലൊക്കേഷൻഫോം. അപേക്ഷിച്ച് 15 ദിവസത്തിനുള്ളിൽ പ്രവര്ത്തിലഭിച്ചോ എന്ന് അറിയാന് ഈ ഫോം സഹായിക്കും. ഇവ ഇല്ലായിരുന്നു

**10. പൂരിപ്പിച്ച മസ്റ്റർറോളിന്റെ കോപ്പി.**

പഞ്ചായത്തു സെക്രട്ടറി BDO പരിശോധിച്ച ഉദ്യോഗസ്ഥൻ എന്നിവരുടെ ഒപ്പിനൊപ്പം

തിയതി ഇല്ല

തൊഴിലാളിക്ക് ലഭിക്കുന്ന വേദനത്തിന്റെ ആകെ തുക രേഖപെടുത്തിട്ടില്ല. മാസ്‌ട്രോളുകളുടെ എണ്ണം മാസ്‌ട്രോളിൽ M ബുക്ക് നമ്പർ രേഖപെടുത്തിട്ടില്ല അളവ് പ്രകാരം ഉള്ള വേതനവും രേഖപെടുത്തിട്ടില്ല .

**11. മെഷർമെന്റ് ബുക്കിന്റെ കോപ്പി.**

എം ബുക്കിൽ വർക്ക് കോഡ് രേഖപെടുത്തിട്ടില്ല സാങ്കേതിക വിദഗ്ഗൻ ഒപ്പിനൊപ്പം തിയതി ഇല്ല .എസ്റ്റിമേറ്റ് തുക ഇല്ല ,മാസ്‌ട്രോളിന്റെ എണ്ണം ഇല്ല

**12.** സാധനങ്ങൾ വാങ്ങുന്നതിനുള്ള ക്വാട്ടേഷൻ ക്ഷണിച്ചതിന്റെയും കംപാരിറ്റീവ് സ്റ്റേറ്റ് മെന്റിന്റെയും മെറ്റീരിയൽ സപ്ലൈ ഓർഡറിന്റെയും കോപ്പി.

ഉപയോഗിച്ചിട്ടിലാ

**13. വേജ്‌ലിസ്റ്റ്**

മസ്‌ട്രോളിനു ആനുപാതികമായി തൊഴിലാളിക്ക് വേതനം അനുവദിച്ചു എന്ന് തെളിയിക്കുവാനുള്ള ആധികാരികരേഖയാണ് വേജ് ലിസ്റ്റ്. കൃത്യമായ വേജ്ലിസ്റ്റ് പകര്പ്പ് ഫയലുകളിൽ സൂക്ഷിച്ചിട്ടുണ്ട്

**14. എഫ ടി ഒ.**

വേതനത്തിന്റെയും സാധനങ്ങൾക്ക് പണമടച്ചതിന്റയും എഫ്.റ്റി.ഒ യുടെയും കോപ്പി മാസ്റ്റർരോള്, വേജ്ലിസ്റ്റ് എന്നിവ അനുസരിച്ച് തൊഴിലാളികൾക്ക് വേതനം കൈമാറിയെന്ന് ഉറപ്പാക്കാനുള്ള രേഖയാണ് ഫണ്ട് ട്രാൻസ്ഫർ ഓർഡർ.(എഫ് .ടി .ഒ) ഇവ ഫയലുകളിൽ കാണാൻ സാധിച്ചില്ല . പക്ഷെ പ്രതേകമയി സൂക്ഷിച്ട്ടുണ്ട്.

**15. മെറ്റീരിയൽ വവ്ച്ചറിന്റെയും ബില്ലുകളുടെയും കോപ്പി.**

ഒരു പ്രവൃത്തിക്ക് സാങ്കേതിക എസ്റ്റിമേറ്റ് പ്രകാരം ആവശ്യമുള്ള സാധന സാമഗ്രികൾ വാങ്ങുന്നതിനുള്ള നടപടിക്രമങ്ങൾ പ്രതിപാദിക്കുന്ന രേഖയാണ് മെറ്റീരിയൽ പ്രൊക്യൂർമെന്റ്. സിറ്റിസൺ ഇന്ഫർമേഷന് ബോര്ടുമായി ബന്ധപ്പെട്ട രേഖകളുടെ വിശദാംശങ്ങൾ ഫയലുകളിൽ ഉണ്ടായിരുന്നു.

**16. റോയൽറ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി.**

റോയല്റ്റി അടച്ചതിന്റെ രസീതിന്റെ കോപ്പി.

ബാധകമല്ല.

**17. മൂന്നു ഘട്ടങ്ങൾ ആയുള്ള തൊഴിലിന്റെ ഫോട്ടോകൾ**

പ്രവർത്തനവുമായി ബന്ധപ്പെടുത്തിയെടുക്കേണ്ട മൂന്ന്ഫോട്ടോ പതിപ്പുകൾ അതായത് പ്രവർത്തനത്തിന്റ ആരംഭം, പ്രവർത്തനം നടന്നുകൊണ്ടിരിക്കുമ്പോൾ, പ്രവർത്തനം പൂർത്തികരിച്ചപ്പോൾ എന്നീ മൂന്ന്തരം ഫോട്ടോ. ഫയലുകല്പ പ്രവൃത്തികളുടെ മൂന്നു ഘട്ടങ്ങൾ ആയുള്ള ഫോട്ടേകൾ സൂക്ഷിച്ചിരിക്കണം.പരിശോധനക്ക് വിധേയമാക്കിയ പ്രവൃത്തികളില് ഒന്നിലും ഫോട്ടോഗ്രാഫ്സ് കാണുവാൻ സാധിച്ചില്ല. എന്നാൽ ഫോട്ടോഗ്രാഫ്സ് സോഫ്റ്റ്വെയറുകളിൽ സൂക്ഷിക്കുന്നതായി അധികൃതർ അറിയിച്ചു.

**18. പൂര്ത്തികരിച്ച സര്ട്ടിഫിക്കറ്റിന്റെ കോപ്പി.**

പ്രവൃത്തി പൂർത്തീകരിച്ചു എന്നതിന്റെ രേഖയാണ് പ്രവൃത്തി പൂർത്തീകരണ സാക്ഷ്യപത്രം.പ്രവർത്തി ഫയലുകളിൽ പ്രവൃത്തിപൂർത്തീകരണ സാക്ഷ്യപത്രത്തിൽ പാർട്ട്ബില്ലിന്റെ മൂല്യനിർണയ സാക്ഷ്യപത്രവും ഉണ്ടായിരുന്നു

**19. മസ്റ്റർ റോൾ മൂവ്മെന്റ്സ്ലിപ്പ്/ ഫയൽട്രാക്കിംഗ്ഫോം.**

പ്രവൃത്തി ഫയലുകളിൽ എല്ലാംതന്നെ ഫയൽട്രാക്കിംഗ്ഫോം ഉണ്ടായിരുന്നു.

**20. ആസ്തിയുടെ ജിയോടാഗ് ഫോട്ടോഗ്രാഫ്.**

പ്രവർത്തികൾ ജിയോടാഗ് ചെയ്യിട്ടുണ്ടോ എന്ന് അറിയുവാൻ സഹായിക്കുന്ന ഘടകമാണ് ജിയോടാഗ് ഫോട്ടോഗ്രാഫ്. ജിയോടാഗ് ഫോട്ടോകൾ ഫോട്ടോഗ്രാഫ്സ് സോഫ്റ്റ്വെയറിൽ സൂക്ഷിക്കുന്നതായി ബന്ധപ്പെട്ട അധികൃതർ അഭിപ്രായപ്പെട്ടു.

**21. സോഷ്യൽ ഓഡിറ്റിന്റെ റിപ്പോര്ട്ട് കോപ്പി .**

പ്രവൃത്തി സോഷ്യൽഓഡിറ്റിന് വിധേയമായതാണോ എന്ന് പരിശോധിക്കാന് സഹായിക്കുന്ന രേഖയാണ് സോഷ്യൽ ഓഡിറ്റ് റിപ്പോര്ട്ട്. ആറ്മാസം കൂടുമ്പോൾ ഓ ഡിറ്റ്ചെയ്യേണ്ടതാണ്.വാർഡ് തലത്തിൽ സോഷ്യൽ ഓഡിറ്റ് നടക്കുന്നുണ്ടെങ്കിലും അതുമായി ബന്ധപ്പെട്ട രേഖകൾ ഒന്നും തന്നെ ഫയലിൽ കാണാൻ സാധിച്ചില്ല.

**പൊതുനിർദ്ദേശങ്ങൾ.**

**ഉദ്യോഗസ്ഥരോട്**

1.തൊഴിലാളിക്കാവശ്യമായ ഫോട്ടോ പഞ്ചായത്തിൽ നിന്ന്തന്നെ എടുത്ത് കൊടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2.തൊഴിലനുഅപേക്ഷിക്കുന്നഎല്ലാതൊഴിലാളികൾക്കുംതൊഴിൽനൽകുന്നുണ്ട്എന്ന കാര്യം ഉറപ്പ് വരുത്തുക.

3.കാലാനുസൃതമായി തന്നെ ഒരോ പ്രവൃത്തിയും ഏറ്റെടുത്ത് ന ടത്തുന്നതിനായി യഥാസമയംഅവയുടെ അനുമതി നേടി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ് .

4.ഓരോ പ്രവർത്തിയും ആരംഭിക്കുന്നതിനു മുൻപ് കൃത്യമായി പ്രൊജക്ട്മീറ്റിംഗ് നടത്തേണ്ടതാണ്. മീറ്റിംഗിൽ തൊഴിലുറപ്പ് ഉദ്യോഗസ്ഥർ നിർബന്ധമായും പങ്കെടുക്കുകയും ചെയ്യേണ്ട പ്രവൃത്തിയെകുറിച്ചും അളവിനെകുറിച്ചും തൊഴിലാളികളോടും ,മേറ്റിനോടും വിശദമായി പറഞ്ഞ്കൊടുക്കുകയും ചെയ്യേണ്ടതാണ്. എസ്റ്റിമേറ്റിന്റെ മലയാളം പകർപ്പ് ലഭ്യമാക്കേണ്ടതാണ് .

5. പ്രവൃത്തി നടന്ന്കൊണ്ടിരിക്കുമ്പോൾ സാങ്കേതിക ജീവനക്കാർ പ്രവൃത്തി സ്ഥലം സന്ദർശിച്ച് പ്രവൃത്തിയുടെ പരിശോധനയും അളവെടുപ്പും നടത്തി പോരായ്മകൾ തൊഴിലാളികൾക്ക് പ റഞ്ഞ് മനസിലാക്കി കൊടുക്കേണ്ടതാണ് .

6. ഓരോ പ്രവൃത്തിയുടേയും സൈറ്റിൽ കുടിവെള്ളം ,പ്രഥമ ശുശ്രൂഷകിറ്റ് , തണൽ,എന്നീ സൗകര്യങ്ങൾ ഏറർപ്പെടുത്തുന്നതിൽ ജീവനക്കാർ പ്ര ത്യേകം ശ്രദ്ധിക്കേണ്ടതാണ് .

7.സുരക്ഷാ സാമഗ്രികൾ ആവശ്യമായ പ്രവൃത്തികളിൽ അവ ലഭ്യമാക്കേണ്ടതാണ് .

8. ഓരോ പ്രവൃത്തിയുടേയും വർക്ക് ഫയലുകളിൽ ആനുവൽ മാസ്റ്റർസർക്കുലർ പ്രകാരം നിഷ്കർഷിക്കുന്ന 22 രേഖകളിൽ ഉൾപ്പെട്ടവ ഉണ്ടെന്ന് ജീവനക്കാർ ഉറപ്പ് വരുത്തേണ്ടതാണ് .

**മേറ്റുമാരോട്.**

1. തൊഴിലാളികളുടെ തൊഴിൽകാർഡിൽ പ്രവൃത്തിയെകുറിച്ചുള്ള വിവരങ്ങൾ കൃത്യമായി ചേർക്കേണ്ടതും ഹാജർ അടയാളപ്പെടുത്തേണ്ടതുമാണ്.

2. തൊഴിലാളികളുടെ ഗ്രൂപ്പ് അപേക്ഷകൾ പഞ്ചായത്തിൽ നൽകുമ്പോൾ കൈപ്പറ്റ് രസീത് തിരികെ വാങ്ങിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. തൊഴിലാളികൾ യഥാസമയം പ്രവൃത്തിസ്ഥലത്തു ഹാജരാകുന്നുണ്ടൊ എന്നും

,ഹാജർ കൃത്യ സമയത്ത് മസ്റ്റർ റോളുകളിൽ രേഖപ്പെടുത്തുകയും ചെയ്യേണ്ടതാണ്.

4. പ്രവർത്തി സ്ഥലത്ത് തൊഴിലാളികൾക്ക് അപകടം സംഭവിക്കുകയാണ്കെങ്കില് അപകടത്തിന്റെ വിശദാംശങ്ങൾ സൈറ്റ്ഡയറിയിൽ രേഖപ്പെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5.സൈറ്റ് ഡയറിയിൽ എല്ലാ വിവരങ്ങളും കൃത്യമായി രേഖപ്പെടുത്തുക .

**തൊഴിലാളികളോട്**

1. പഞ്ചായത്തിൽ നിന്നും തൊഴില ലഭിക്കാൻ കാത്തിരിക്കാതെ തൊഴിൽ ആവശ്യമുള്ള സമയത്ത് പഞ്ചായത്തിൽ അപേക്ഷ നൽകുകയും രശീതി കൈപ്പറ്റി സൂക്ഷിക്കുകയും ചെയ്യുക .

2. തൊഴിലിനപേക്ഷിച്ച് 14 ദിവസത്തിനുശേഷം തൊഴിൽ ലഭ്യമാകാത്ത സാഹചര്യത്തിൽ തൊഴിലില്ലായ്മ വേതനത്തിന് അപേക്ഷിക്കുക .

3. തൊഴിലുറപ്പ് വേതനം കൃത്യമായി പാസ്ബുക്കിൽ രേഖപ്പെടുത്തുക .

4. തൊഴിൽകാർഡ് സ്വന്തം കൈവശം സൂക്ഷിക്കുക .

5. അവകാശങ്ങൾ ലഭ്യമാവാത്ത സാഹചര്യങ്ങളിൽ പരാതി പരിഹാര സംവിധാനങ്ങൾ ഉപയോഗപ്പെടുത്തുക .

6. ഗ്രാമസഭകളിൽ കൃത്യമായി പങ്കെടുക്കുകയും അഭിപ്രായങ്ങൾ രേഖപ്പടുത്തുകയും ചെയ്യുക .

**അനുബന്ധരേഖകൾ**

ശേഖരിച്ചതെളിവുകൾ

* ഫയൽ വെരിഫിക്കേഷനിലൂടെ കണ്ടെത്തിയ കാര്യങ്ങൾ

*മേറ്റ് രോഹിണി, തഗമണി, എന്നവരുടെ സാന്നിധ്യത്തിൽ ഗുണഭോക്താക്കളുടെ പ്രവൃത്തിസ്ഥലം അളന്നു തിട്ടപ്പെടുത്തിയ വിവരങ്ങൾ.

*ഫീൽഡ് വേരിഫികേഷൻ സമയത്ത് തൊഴിലാളികളുമായി നടത്തിയ സംവാദങ്ങളിൽ നിന്നുള്ള വിവരങ്ങൾ ,

*പ്രവൃത്തി നടന്നുവെന്നു സ്ഥലമുടമകളിൽ നിന്നും പരിശോധന സമയത്ത് ചോദിച്ചറിഞ്ഞ വിവരങ്ങൾ.